ടുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി നിലവിലുള്ള വേക്കൻസികളിൽ എക്സ് സർവ്വീസ് സൈക്യൂരിറ്റിമാരെ ഗാർഡുകളായി താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

(ജി) കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് കെ.എസ്:എസ്. ആർ-ലെ സംവരണ വ്യവസ്ഥകൾ ബാധകമാക്കാറില്ല.

(എച്ച്) നിയമനം നടത്തിയിട്ടില്ല. സംവരണതത്വം പാലിച്ചേ സർവ്വകലാ ശാല നിയമനങ്ങൾ നടത്തുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

74 (1618) ജനനത്തീയതി തിരുത്തി ലഭിക്കുന്നതിനുള്ള അപേക്ഷ

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് അദ്ധ്യാപിക ടി.വി. രാധാലക്ഷ്മി അവരുടെ ജനനത്തീയതി തിരുത്തിക്കിട്ടുന്ന തിനായി അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്;

(സി) ജനനത്തീയതി എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തിക്കിട്ടു ന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാ ക്കുമോ;

(ഡി) പരീക്ഷാ ഭവനിലെ 1034/ബി 5/96 എന്ന നമ്പർ പ്രകാരമുള്ള ഫയലിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) അപേക്ഷയിൽ പറയുംപ്രകാരം ജനനത്തീയതി എസ്.എസ്. എൽ.സി. സർട്ടിഫിക്കറ്റ് ബുക്കിൽ തിരുത്തുന്നതിനും സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരി ക്കുമോ?

<u>ഉത്തരം</u>

(എ) 9-2-1993-ൽ.

(ബി) 9.2.93-ൽ ലഭിച്ച അപേക്ഷയോടൊപ്പമുണ്ടായിരുന്ന രേഖകൾ അപേക്ഷകയുടേയും മറ്റ് സഹോദരീ സഹോദരൻമാരുടേയും ജനന രജി സ്ട്രേഷൻ സർട്ടിഫിക്കറ്റുകളാവശ്യപ്പെട്ടുകൊണ്ട് തിരിച്ചയച്ചിട്ട് പരീക്ഷാ കമ്മീഷണറുടെ ബി2/2777/93 എന്ന ഫയൽ 27.1.94-ൽ തീർപ്പാക്കി. 14.7.95-ൽ അപേക്ഷ വീണ്ടും സമർപ്പിച്ചപ്പോൾ ജനനത്തീയതി തെളിയിക്കുന്നതിന് ജാതകം മാത്രമാണ് സമർപ്പിച്ചത്. ആയതുകൊണ്ട് മതിയായ തെളിവുകൾ ഇല്ല എന്ന കാരണത്താൽ 13.5.95-ൽ കെ.ഡിസ്.2307/95/ബി5 പ്രകാരം ടി അപേക്ഷ നിരസിച്ചു. 20.12.95-ൽ അപേക്ഷക സർക്കാരിന് നൽകിയ അപ്പീൽ പരിഗണിച്ച് 8.10.96-ലെ ജി.ഒ.(ആർ.ടി.) 3260/96/പൊ.വി. ഉത്തരവ് പ്രകാരം കേസ്സ് വീണ്ടും പരീക്ഷാ കമ്മിഷണറുടെ പുനഃപരിശോധനയ്ക്ക് വിട്ടു. അപേ ക്ഷക തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഹ്യൂലിക്കനാട് ടൗൺ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ജനിച്ചതായുള്ള സർട്ടിഫിക്കറ്റ് 9.4.97-ൽ അപേക്ഷക പരീക്ഷാ കമ്മിഷണർക്ക് സമർപ്പിച്ചു. കേരള വിദ്യാഭ്യാസ അദ്ധ്യായം 6 ചട്ടം 3 അനുസരിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി കൂനൂർ സബ്രജിസ്ട്രാർ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള ജനന രജിസ്റ്റർ പരിശോധിച്ചു. അപേക്ഷകയുടെ പിതാവായ ഗോവിന്ദൻ നായർക്കും മാതാവായ ജാനകിക്കുട്ടിക്കും കൂടി 27.2.47-ൽ ഒരു പെൺകുട്ടി ജനിച്ചതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ നിലവിലുള്ള ജനനത്തീയതിയായ 31.3.45-ൽ ഇതേ ദമ്പതികൾക്ക് ഒരു പെൺകുട്ടി ജനിച്ചതായും രജിസ്റ്ററിൽ കണ്ടെത്തിയിരുന്നു. അപേക്ഷക സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലം അനുസരിച്ച് സഹോദരി ടി.പി. തങ്കം തലശ്ശേരിയിലാണ് ജനിച്ചിട്ടുള്ളത്. ആയതിനാൽ 31.3.45-ൽ ഹ്യൂലിക്കൽ റൗൺ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനനം അപക്ഷകയുടേതാണോ അതോ തലശ്ശേരിയിൽ ജനിച്ചു എന്നു പറയപ്പെടുന്ന സഹോദരി ടി.വി. തങ്കത്തിന്റേതാണോ എന്ന് അറിയുന്നതിൽ തലശ്ശേരിയിലെ ധർമ്മടം പഞ്ചായത്തിലെ ജനന രജിസ്റ്റർകൂടി പരിശോധിക്കേണ്ടതുണ്ട്. പ്രസ്തുത ആഫീസ് രജിസ്റ്റർ പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) (ബി) പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് കാരണം.

(ഇ) ധർമ്മടം പഞ്ചായത്തിലെ ജനന രജിസ്റ്റർ പരിശോധിച്ചു കഴിഞ്ഞാലുടൻ എസ്.എസ്.എൽ.സി. ബുക്കിൽ ജനനത്തീയതി തിരുത്താനുള്ള അപേക്ഷയിൻമേൽ തീരുമാനമെടുക്കുന്നതാണ്. എന്നാൽ സർവ്വീസ് ബുക്കിൽ ജനനത്തീയതി തിരുത്തുന്ന പ്രശ്നം എസ്.എസ്.എൽ.സി. ബുക്കിൽ ജനനത്തീയതി തിരുത്തിയതിനുശേഷമേ ഉദിക്കുന്നുള്ളൂ.

75 (1619) ഏഴുകോൺ പോളിടെക്നിക്കിന്റെ അംഗീകാരം റദ്ദാക്കിയ നടപടി

ശ്രീ. ഏഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.10.1995-ൽ സർക്കാർ ഉത്തരവ് നമ്പർ 185/95/എച്ച്.ഇ. പ്രകാരം കൊല്ലം ജില്ലയിലെ ഏഴുകോൺ മേജർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുകയും 1996/97 അദ്ധ്യയനവർഷത്തേയ്ക്ക് ഇലക്ട്രോണിക്സ്-മെക്കാനിക്കൽ വിഭാഗത്തിലായി 30 സീറ്റുകൾക്കായി പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ടോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തിക്കൊണ്ടുള്ള ഈ ഉത്തരവ് ഏതു ദിവസത്തെ മന്ത്രിസഭായോഗ തീരുമാന പ്രകാരമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) എഴുകോൺ മേജർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്ക് ആയി ഉയർത്തുന്നത് സംബന്ധിച്ച് അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അംഗീകാരം നൽകിയിരുന്നോ; ഇത് സംബന്ധിച്ച ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ 3.2.1995-ലെ ഇ 1/38992/93 വാല്യം രണ്ട് നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly